"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ. സി2/4/2025-ഐ&പിആർഡി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

തിരുവനന്തപുരം

തിയതി: 11-02-2025

**ഇ-ടെണ്ടർ**

കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കൊല്ലം ആശ്രാമം മൈതാനത്ത് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളെയും പൊതുമേഖല സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് 2025 മാർച്ച് 3 മുതൽ 10 വരെ പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നു. പ്രദർശന വിപണന മേളയ്ക്ക് താത്കാലിക ജർമ്മൻ ഹാംഗർ സ്ഥാപിച്ച് ശീതീകരിച്ച സ്റ്റാളുകളും മറ്റും സജ്ജമാക്കുന്നതിന് ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള സ്ഥാപനങ്ങളിൽ/ഏജൻസികളിൽ നിന്നും ഇ-ടെണ്ടർ ക്ഷണിക്കുന്നു. കരാർ ഏറ്റെടുക്കുന്ന സ്ഥാപനം/ഏജൻസി ഇനിപ്പറയുന്ന സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത്.

മേളയുടെ ഭാഗമായി തീം ഏരിയയും കൊമേഴ്സ്യൽ സ്റ്റാളുകളുമടങ്ങുന്ന പ്രദർശന നഗരിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ ഇതിനനുസൃതമായ ഹാംഗറുകളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തേണ്ടത്.

തീം ഏരിയക്ക് പുറമേ 100 കൊമേർഷ്യൽ സ്റ്റാളുകൾ ഉൾപ്പടെ ആകെ 20,000 ചതുരശ്ര അടി സ്ഥലത്താണ് ഹാംഗറുകൾ സജ്ജമാക്കേണ്ടത്. (പന്തൽ, തീം ഏരിയ 10,000 ചതുരശ്ര അടി, കൊമേർഷ്യൽ ഏരിയ 10000 ചതുരശ്ര അടി). സ്ഥല ലഭ്യതയനുസരിച്ച് ഹാംഗറുകളുടെ മൊത്തം വിസ്തൃതിയിൽ ഏറ്റക്കുറച്ചിൽ വരാനുള്ള സാധ്യതയുള്ളതിനാൽ യഥാർത്ഥ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തുക നിശ്ചയിക്കുന്നതും അതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. പ്രദർശനത്തിനുള്ള ഹാംഗറിൽ 100 സ്റ്റാളുകളെങ്കിലും സജ്ജീകരിക്കണം. ഒരു സ്റ്റാളിൽ ഒരു മേശ, രണ്ട് കസേര, രണ്ട് ട്യൂബ് ലൈറ്റ്, ഒരു ഫാൻ, ഒരു പ്ലഗ് പോയിന്റ് എന്നിവ നല്കിയിരിക്കണം. കൂടുതലായി നല്കുന്ന സൗകര്യങ്ങൾക്ക് സ്റ്റാളിന്റെ നടത്തിപ്പുകാരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

എല്ലാ ഹാംഗറുകളിലും ഫ്ളോർ പ്ലാറ്റ്ഫോമും കാർപെറ്റിംഗ്, ഫെൻസിംഗ് (ആവശ്യമായിടത്ത്) ഉണ്ടായിരിക്കണം.

പ്രധാന പവലിയൻ (ഇൻഡോർ & ഓട്ട്ഡോർ ഘടനകൾ) തയാറാക്കൽ, വൈദ്യുതി വിതരണം, കുടിവെള്ളം, ടോയ്ലറ്റ് സൌകര്യം, ഇൻഷുറൻസ്, പ്രദർശനത്തിന് ആവശ്യമായ എല്ലാ എൻഒസികളും ലൈസൻസുകളും, ശുചീകരണവും മാലിന്യ സംസ്കരണവും, ബ്രോഡ്ബാൻഡ് കണക്ടിവിറ്റി, പബ്ലിക് അഡ്രസ് സംവിധാനം, വോളൻണ്ടിയർമാർ, ടെക്നീഷ്യൻമാർ, സെക്യൂരിറ്റി,

പ്രവേശന കവാടം (ഡിസൈൻ, ലൈറ്റിംഗ് & നിർമ്മാണം), കമാനങ്ങൾ (ബ്ലോക്ക് വേർതിരിക്കലിന്), ലൈറ്റ് & സൗണ്ട്സ് തുടങ്ങിയവ തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ/ഏജൻസികളിൽ ഉറപ്പ് വരുത്തേണ്ടതാണ്. സ്റ്റാളുകളിലും തീം ഏരിയകളിലും ആവശ്യമായ മേശ , കസേര, ലൈറ്റ്, ഫാൻ, കൂളർ സംവിധാനങ്ങളടക്കമുള്ള ഇലക്ട്രിക്കൽ ജോലികൾ, വെള്ളം, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഫയർഫൈറ്റിംഗ് ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങളും സജ്ജമാക്കേണ്ടതാണ്. ലഭ്യമാക്കുന്നവയുടെ വിശദവിവരം ടെണ്ടറിൽ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം.

എട്ട് ദിവസത്തേക്കാണ് താത്കാലിക ഹാംഗറുകൾ സജ്ജമാക്കേണ്ടത്. ഹാംഗർ, ഫ്ളോർ പ്ലാറ്റ്ഫോം, കാർപെറ്റിംഗ്, ഫെൻസിംഗ് തുടങ്ങിയവയ്ക്ക് ചതുരശ്ര അടിയ്ക്കുള്ള നിരക്കും മൊത്തത്തിലുള്ള നിരക്കും പ്രത്യേകം പ്രത്യേകം ടെണ്ടറിൽ സൂചിപ്പിക്കേണ്ടതാണ്. സ്റ്റാൾ തിരിക്കുന്നതിനും ഇപ്രകാരം നിരക്കുകൾ നല്കേണ്ടതാണ്. ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് വാർഷിക ടേണോവർ കുറഞ്ഞത് ഒരു കോടി രൂപയെങ്കിലും ഉണ്ടായിരിക്കണം. ഇതിനുള്ള രേഖകളും ടെണ്ടറിനോടൊപ്പം സമർപ്പിക്കണം. ഈ മേഖലയിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം വേണം. ജോലി/കരാർ ഏറ്റെടുക്കുന്നവർ പരിപാടിയ്ക്ക് മൂന്ന് ദിവസത്തിന് മുമ്പ് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കി ബന്ധപ്പെട്ടവർക്ക് പ്രദർശന നഗരിയും മറ്റ് അടിസ്ഥാന സൗകര്യ സംവിധാനങ്ങളും കൈമാറേണ്ടതാണ്. സംഘാടന സമിതി ആവശ്യപ്പെടുന്ന പക്ഷം അത്യാവശ്യമായ മറ്റ് സജ്ജീകരണങ്ങൾ കൂടി നിർവ്വഹിക്കുന്നതിന് ഏജൻസി/സ്ഥാപനം ബാധ്യസ്ഥരായിരിക്കും. ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർ ടെൻഡർ BOC (Bill of Quantity) കൃത്യമായി വായിച്ച് ശ്രദ്ധയോടെ പൂരിപ്പിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് യുക്തമായ തീരുമാനമെടുക്കുന്നതിന് താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.

ടെണ്ടർ തീയതിയും സമയവും : 2025 ഫെബ്രുവരി 11 ഉച്ചയ്ക്ക് 2 മണി മുതൽ

2025 ഫെബ്രുവരി ~~19~~ 19 ഉച്ചയ്ക്ക് 5 മണി വരെ.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ